श्रीशङ्कराचार्यसंस्कृतसर्वकलाशाला,कालटी

**ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി**

**അക്കാദമിക് സി വിഭാഗം**

01746 / ACDC2 / SSUS / 2024 (4) തീയതി,കാലടി,18-05-2024

## വിജ്ഞാപനം

**വിഷയം: 2024-25അധ്യയനവർഷത്തെ ബി.എഫ്എ./ഡിപ്ലോമ പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനം.**

ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാലയുടെ കാലടി മുഖ്യ കേന്ദ്രത്തിലും വിവിധ പ്രാദേശിക കേന്ദ്രങ്ങളിലും 2024-25 അധ്യയന വർഷത്തിലേക്ക് ബി.എഫ്എ./ഡിപ്ലോമ പ്രോഗ്രാമുകളിലേക്ക് യോഗ്യരായ വിദ്യാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു.

മുഖ്യ കേന്ദ്രമായ കാലടിയിൽ പെയിന്റിംഗ്, മ്യൂറൽ പെയിന്റിംഗ്, സ്കൾപ്ചർ എന്നീ സ്പെഷ്യലൈസേഷനുകളിലാണ് നാലു വർഷത്തെ ബി.എഫ്.എ പ്രോഗ്രാം നടത്തപ്പെടുന്നത്. ബി.എഫ്.എ (പെയിന്റിംഗ്, മ്യൂറൽ പെയിന്റിംഗ്, സ്കൾപ്ചർ) ബിരുദ പ്രോഗ്രാം ചോയ്സ് ബേസ്ഡ് ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സമ്പ്രദായത്തിലായിരിക്കും നടത്തപ്പെടുക. ബി.എഫ്.എ പ്രോഗ്രാമുകൾക്ക് അഭിരുചി നിർണ്ണയ പരീക്ഷയുടെ കൂടി അടിസ്ഥാനത്തിലായിരിക്കും പ്രവേശനം നൽകുന്നത്. ബി.എഫ്.എ പ്രോഗ്രാമുകൾക്ക് പരമാവധി പ്രായം 01.06.2024 ന് 22 വയസ്സിൽ കൂടുതൽ ആകരുത്.

ഏറ്റുമാനൂർ പ്രാദേശിക കേന്ദ്രം 2024 -25 അധ്യയന വർഷത്തിൽ നടത്തുന്ന ഒരു വർഷത്തെ ഡിപ്ലോമ പ്രോഗ്രാമായ ആയുർവേദ പഞ്ചകർമ്മ & അന്താരാഷ്ട്ര സ്പാ തെറാപ്പി പ്രോഗ്രാമിലേക്കും യോഗ്യരായ വിദ്യാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. ശാരീരിക ക്ഷമത, ഇന്റർവ്യൂ എന്നിവയുടെ അടിസ്ഥാനത്തിലാണ് ഡിപ്ലോമ പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനം അനുവദിക്കുന്നത്. ഡിപ്ലോമ പ്രോഗ്രാമുകളിലേക്കുള്ള സീറ്റിന്റെ എണ്ണം 20. പ്രായം വിജ്ഞാപന തീയതിക്കനുസൃതമായി 17 നും 30 നും ഇടയിലായിരിക്കണം. ഡിപ്ലോമ പ്രോഗ്രാമുകൾക്ക് 200 രൂപ, പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് 100 രൂപ എന്നിങ്ങനെയാണ് അപേക്ഷ ഫീസ്.

പ്ലസ് ടു/വൊക്കേഷണൽ ഹയർ സെക്കന്ററി അഥവാ തത്തുല്യ അംഗീകൃത യോഗ്യതയുള്ളവർക്ക് മേൽ പറഞ്ഞ പ്രോഗ്രാമുകളിലേക്ക് അപേക്ഷിക്കാവുന്നതാണ്. ബിരുദ യോഗ്യതയുള്ളവർക്ക് ഡിപ്ലോമ പ്രോഗ്രാമിലേക്ക് അപേക്ഷിക്കാവുന്നതാണ്.

താല്പര്യമുള്ള വിദ്യാർത്ഥികൾ സർവകലാശാല വെബ്സൈറ്റ് (www.ssus.ac.in) വഴി അപേക്ഷ സമർപ്പിക്കേണ്ടതാണ്. പ്രോസ്പെക്ടസ് www.ssus.ac.in വെബ്സൈറ്റുകളിൽ ലഭ്യമാണ്.

അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കേണ്ട അവസാന തീയതി 07.06.2024.
പ്രോഗ്രാം സംബന്ധിച്ച വിശദ വിവരങ്ങൾ സർവകലാശാല വെബ്സൈറ്റ് www.ssus.ac.in- ൽ ലഭ്യമാണ്. പ്രോഗ്രാമിന്റെ ഉള്ളടക്കത്തിൽ മാറ്റം വരുത്തുന്നതിനുള്ള അധികാരം സർവകലാശാലയ്ക്കുണ്ടായിരിക്കുന്നതാണ്

**ഒപ്പ്**
**ഡോ. സുനിത ഗോപാലകൃഷ്ണൻ**
**പ്രൊഫസർ ഇൻചാർജ് ഓഫ് രജിസ്ട്രാർ**
രജിസ്ട്രാർ